LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എ. സ്കീമനുസരിച്ച് ചെലവഴിക്കാതെ വന്ന തുക

*21 [507] ശ്രീ. ലൂഡി ലൂയീസ് :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. സ്കീമനുസരിച്ച് ഈ വർഷം എന്തു തുകയാണ് സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിച്ചത്;

(ബി) അതിൽ ഇതുവരെ എന്തു തുകയാണ് ചെലവാകാതെ വന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ചെലവാകാതിരുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഈ തുക ചെലവാകാതെ വന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) 8939 ലക്ഷം രൂപ.

(ബി) കഴിഞ്ഞ വർഷം ചെലവഴിക്കാതെ ബാക്കി വന്ന തുകയുൾപ്പെടെ 28-2-2005 വരെ 7100 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 8939 ലക്ഷം രൂപയിൽ 3000 ലക്ഷം അനുവദിച്ചത് 2-3-2005-ൽ മാത്രമാണ്.

(സി ആന്റ് ഡി) ബാധകമല്ല.

തീരദേശ വാസികളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

*22 [508] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
,, ബിനോയ് വിശ്വം :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുംദാരിദ്ര്യവും പകർച്ചവ്യാധികളും തീരദേശവാസികളെ ദുരിതത്തിലെത്തിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശവാസികളെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സുനാമി ദുരന്തത്തിനു ശേഷം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ഇതുവരെ എന്തെല്ലാം സഹായങ്ങളാണ് എത്തിച്ചുകൊടുത്തതെന്ന് വെളിപ്പെടുത്തുമോ?